(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ "കേരള വേസ്റ്റ്ഫ്രീ ഡെസ്റ്റിനേഷൻ സ്കീമിന്" തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിനോദസഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമിട്ടു കൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് അതാത് ജില്ലകളിലെ ഡി.റ്റി.പി.സി. മുഖാന്തരം 'Clean Destination Campaign' എന്ന പദ്ധതി നടപ്പിലാക്കുന്നു. അതോടൊപ്പം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ ശുചിത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് ഡി.റ്റി.പി.സി. തലങ്ങളിൽ പ്രചാരണങ്ങൾ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഹൗസ് ബോട്ടുകൾക്ക് വാടക നിരക്ക് നിശ്ചയിക്കൽ

241 (5044) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ ഹൗസ് ബോട്ടുകളിലെ മഴക്കാലത്തെ വിനോദയാത്ര സുരക്ഷിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) രജിസ്ട്രേഷൻ ഇല്ലാതെ സർവീസ് നടത്തുന്ന ഹൗസ് ബോട്ടുകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളിൽനിന്നും ഹൗസ് ബോട്ടുകൾ അന്യായമായ തുക ഈടാക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഹൗസ് ബോട്ടുകൾക്ക് വാടകനിരക്ക് നിശ്ചയിച്ചു നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ വാടക നിശ്ചയിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉൾനാടൻ ജലാശയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഹൗസ്ബോട്ടുകളുടെ നിലവാരം ഉയർത്തുന്നതിനായി വിനോദസഞ്ചാര വകുപ്പ് ഹൗസ്ബോട്ട് ക്ലാസിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പാക്കിവരുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തോടെ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് തുറമുഖവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ലൈഫ് ജാക്കറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്ന് വിനോദസഞ്ചാര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ കണ്ടെത്തുന്നതിനായി പരിശോധനകൾ നടത്തുന്നുണ്ട്. ഉൾനാടൻ ജലയാന നിയമം അനുശാസിക്കുന്ന നടപടികൾ രജിസ്ട്രേഷൻ ഇല്ലാതെ സർവ്വീസ് നടത്തുന്ന ബോട്ടുകൾക്കെതിരെ സ്വീകരിച്ചുവരുന്നു.

(സി) വിദേശ ആഭ്യന്തര ടൂറിസ്റ്റുകളിൽനിന്നും ഹൗസ് ബോട്ടുകൾ അന്യായമായ തുക ഈടാക്കുന്നു എന്ന പരാതി ടൂറിസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹൗസ് ബോട്ടുടമകളുടെ സംഘടനകളുമായും ബന്ധപ്പെട്ട ഇതര വകുപ്പുകളുമായും കൂടിയാലോചിച്ചുമാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

നിളാ ബ്യൂട്ടിഫിക്കേഷൻ

242 (T5045) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി കുഞ്ചൻനമ്പ്യാരുടെ ജന്മഗേഹം സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ലക്കിടി പേരൂരിൽ ഭാരതപ്പുഴയുടെ തീരത്ത് "നിളാ ബ്യൂട്ടിഫിക്കേഷൻ" എന്ന ടൂറിസം പ്രോജക്ട് പരിഗണനയിലുണ്ടോ ;

(ബി) പാലക്കാട് ഡി .റ്റി. പി. സി. ശിപാർശ ചെയ്ത് അയച്ചുതന്ന പ്രോജക്ടിന്റെ കാലികസ്ഥിതി വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) പാലക്കാട് ഡി.റ്റി.പി.സി. സമർപ്പിച്ച 'നിളാ ബ്യൂട്ടിഫിക്കേഷൻ' പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ നിലവിൽ പ്രസ്തുത പദ്ധതി പരിഗണനയിൽ ഇല്ല.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly